**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1013** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ അധ്യാപകരുടെ സെൻസസ് ഡ്യൂട്ടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകരുടെ ആകെ എണ്ണവും അതിൽ സെൻസസ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളവരുടെ എണ്ണവും അറിയിക്കാമോ; ഇത് ആകെ അധ്യാപകരുടെ എത്ര ശതമാനം വരുമെന്ന വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിലെ ആകെ അധ്യാപകരുടെ എണ്ണം 1,28,365 ആണ്. ഇതിൽ സെൻസസ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളത് 48,086 പേരെയാണ്. ഇത് ആകെ അധ്യാപകരുടെ 37.46 ശതമാനം വരും.

**(ബി)** ജൂൺ ഒന്ന മുതൽ ഓണപ്പരീക്ഷ ആരംഭിക്കുന്ന ആഗസ്റ്റ് 13 വരെയുള്ള കാലയളവിൽ അക്കാദമിക്ക് കലണ്ടർ പ്രകാരം എത്ര അധ്യയന ദിനങ്ങളാണ് ആകെ ഉള്ളതെന്നും ഈ കാലയളവിൽ അധ്യാപകരെ സെൻസസ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുമ്പോൾ അത് അധ്യയനത്തെ ബാധിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** ജൂൺ ഒന്ന മുതൽ ഓണപ്പരീക്ഷ ആരംഭിക്കുന്ന ആഗസ്റ്റ് 13 വരെയുള്ള കാലയളവിൽ അക്കാദമിക് കലണ്ടർ പ്രകാരം ആകെ 53 അധ്യയന ദിനങ്ങളാണുള്ളത്. സെൻസസ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന അധ്യാപകർ പ്രവൃത്തി ദിവസങ്ങളിൽ സ്കൂൾ സമയത്തിന് മുൻപോ ശേഷമോ, അവധി ദിവസങ്ങളിലുമാണ് പ്രസ്തുത ഡ്യൂട്ടി ചെയ്യേണ്ടത്. ആയതിനാൽ ഇത് അധ്യയനത്തെ ബാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കേണ്ടതില്ല.

**(സി)** സെൻസസ് കാലയളവിൽ അധ്യയനം തടസപ്പെടാതിരിക്കാൻ താല്ക്കാലിക അധ്യാപകരെ നിയമിക്കുമോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ജൂൺ ഒന്ന മുതൽ ഓണപ്പരീക്ഷ ആരംഭിക്കുന്ന ആഗസ്റ്റ് 13 വരെയുള്ള കാലയളവിൽ അക്കാദമിക് കലണ്ടർ പ്രകാരം ആകെ 53 അധ്യയന ദിനങ്ങളാണുള്ളത്. സെൻസസ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന അധ്യാപകർ പ്രവൃത്തി ദിവസങ്ങളിൽ സ്കൂൾ സമയത്തിന് മുൻപോ ശേഷമോ, അവധി ദിവസങ്ങളിലുമാണ് പ്രസ്തുത ഡ്യൂട്ടി ചെയ്യേണ്ടത്. ആയതിനാൽ ഇത് അധ്യയനത്തെ ബാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കേണ്ടതില്ല.

**(ഡി)** സെൻസസ് ഡ്യൂട്ടിയിലുള്ള അധ്യാപകർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുമോയെന്ന് വിശദമാക്കാമോ?

**മറുപടി:** സെൻസസ് ഡ്യൂട്ടിയിലുള്ള അധ്യാപകർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

**സെക്ഷൻ ഓഫീസർ**